മഹാത്മാഗാന്ധി സർവകലാശാല

നം.എഫ്.ഒ/സി.എം.ഡി.ആർ.എഫ്/130/2018 19.09.2018

പരിപത്രം

വിഷയം:- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ജീവനക്കാർ ഒരു മാസത്തെ ശമ്പളം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- (1) സ.ഉ.നമ്പർ 144/2018/ധനകാര്യം തീയതി 11.09.2018

(2) 15.09.2018-ലെ വൈസ് ചാൻസിലറുടെ വി.സി/എ.പി.എൽ/3/2018 നമ്പർ കുറിപ്പ് പ്രകാരമുള്ള അഭ്യർത്ഥന.

ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുന്നത് സംബന്ധിച്ച് ബഹു.വൈസ് ചാൻസിലറുടെ ഉത്തരവുപ്രകാരം താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ സമ്മതമല്ലാത്ത ജീവനക്കാർ അക്കാര്യം **22.9.2018, ശനിയാഴ്ച** നാലു മണിക്കകം FCC സെക്ഷനിൽ അറിയിക്കേണ്ടതാണ്.

2. സമ്മതമല്ല എന്ന പ്രസ്താവന നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരെയെല്ലാം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാൻ സന്നദ്ധരായി പരിഗണിക്കുന്നതും അവരുടെ ശമ്പളത്തിൽ നിന്ന് പത്ത് ഗഡുക്കളായി സെപ്റ്റംബർ മാസം മുതൽ കിഴിവ് നടത്തുന്നതുമാണ്.

3. ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ ശമ്പളം കിഴിവ് ചെയ്തവരുടെ 29 ദിവസത്തെ ശമ്പളം മാത്രമായിരിക്കും സെപ്റ്റംബർ മുതൽ കിഴിവ് ചെയ്യുക.

4. ആർജ്ജിത അവധി വിൽപ്പന നടത്തുന്നവർ 29 ദിവസം മാത്രം ചെയ്ത് ആയത് ദുരിതാശ്വാസനിധിയിലേക്കുള്ള പ്രത്യേക വിൽപ്പനയാണെന്ന് കാണിച്ച് Ad.C/Ad.AIV/Ad.AV/Ad.AII എന്നീ സെക്ഷനുകളിലും FCC സെക്ഷനിൽ പ്രത്യേകമായും **24.09.2018, തിങ്കളാഴ്ച** നാലുമണിക്കകം അറിയിക്കേണ്ടതാണ്.

5. പി.എഫ് ലോണെടുത്ത് ദുരിതാശ്വാസനിധിയിലേക്ക് തുക അടക്കുന്നവർ പി.എഫ് അപേക്ഷയിൽ ഈ വിവരം പ്രത്യേകമായി ചേർക്കേണ്ടതും ബന്ധപ്പെട്ട പി.എഫ്. സെക്ഷൻ ഇത്തരം അപേക്ഷകൾ പാസാക്കിയതിനുശേഷം പ്രത്യേകം ലിസ്റ്റ് തയാറാക്കി ക്യാഷ് സെക്ഷനിലേക്ക് നൽകേണ്ടതുമാണ്. ഇത്തരം അപേക്ഷകരുടെ ശമ്പളത്തിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് കിഴിവു ചെയ്യാതിരിക്കേണ്ടതിന് ഇക്കാര്യം **24.09.2018, തിങ്കളാഴ്ച** നാലുമണിക്കകം FCC സെക്ഷനിൽ അറിയിക്കേണ്ടതാണ്.

6. പത്ത് മാസം സർവ്വീസ് ബാക്കിയില്ലാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്തതിനുശേഷമുള്ള തവണകൾക്കുള്ള തുക പ്രസ്തുത വ്യക്തികളുടെ ഡി.സി.ആർ.ജിയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

7. പി.എഫ്.ലോൺ നിലവിൽ തിരിച്ചടവുള്ള ജീവനക്കാർ ശമ്പളത്തിൽനിന്നും 10 ഗഡുക്കളായി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനായി പി.എഫ് ലോൺ തിരിച്ചടവിന് പ്രസ്തുത കാലയളവിൽ വിലക്ക് ഏർപ്പെടുത്തണമെന്നുള്ള അപേക്ഷ **24.09.2018, തിങ്കളാഴ്ച** നാലുമണിക്കകം FCC സെക്ഷനിൽ നൽകേണ്ടതാണ്

8. പത്തിൽ താഴെ തവണകളായി ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുവാൻ താൽപര്യപ്പെടുന്നവർ തവണകളുടേ എണ്ണം (തുല്യഗഡുക്കളായി മാത്രം) എഫ്.സി.സി സെക്ഷനിൽ **24.09.2018, തിങ്കളാഴ്ച** നാലുമണിക്കകം അറിയിക്കേണ്ടതാണ്.

9. ശമ്പളം വഴിയല്ലാതെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുവാൻ താൽപ്പര്യപ്പെടുന്നവർ ഒരു മാസത്തെ മൊത്തശമ്പളത്തിൽ കുറയാത്ത തുക ഫിനാൻസ് ഓഫീസറുടെ പേരിലുള്ള **57004087022** എന്ന ആക്കൗണ്ട് നമ്പരിൽ അടയ്ക്കേണ്ടതും ഈ വിവരം **24.09.2018, തിങ്കളാഴ്ച** നാലുമണിക്കകം FCC സെക്ഷനിൽ രേഖാമൂലം അറിയിക്കേണ്ടതും ഒറിജിനൽ പേ-ഇൻ-സ്ലിപ്പ് ജനറൽ ക്യാഷ് സെക്ഷനിൽ സമർപ്പിക്കേണ്ടതുമാണ്.

അപേക്ഷകൾ നൽകുന്നതിന് പരിപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധി ജീവനക്കാർ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫിനാൻസ് ഓഫീസർ**

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെപി.എ മാർ
4. ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണ വിഭാഗം, പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ/നോട്ടീസ് ബോർഡ്